2385

# ബാഷ്പപൂരം

BOSE LIBRARY & READING ROOM
KOTTAYAM
(WEST.)
VELOOR

ഗ്രന്ഥകർത്താ:—

ജൌതിഷ പണ്ഡിതർ,

പുലിയൂർ

പി. എസ്സ്. പുരുഷോത്തമൻ നമ്പൂതിരി.

[പകർപ്പവകാശം സ്വായത്തം.]

ഒന്നാം പതിപ്പ് കോപ്പി 1000.

1955. വില നാലണ.

---

അച്ചടി:—

എസ്. ആർ. പി. പ്രസ്—കായംകുളം.

# ഉപോൽഘാതം.

ചരമവൃത്താന്തത്തെ പുരസ്കരിച്ച പല വിലാപകാവ്യങ്ങളും ഇതിനകം ഉണ്ടായിട്ടുണ്ട്. പലതും പ്രസിദ്ധീകരിച്ചുകഴിഞ്ഞിട്ടുമുണ്ട്. അവയെല്ലാം ഇന്നു പ്രചാരത്തിലിരിക്കുന്നവയുമാണ്. ശ്രീ. മണ്ണാർശാല എം. ജി. നാരായണൻനമ്പൂതിരിയുടെ അപ്രതീക്ഷിതമായ ദേഹവിയോഗത്തെ കുറിക്കുന്ന കത്തു കണ്ടപ്പോൾ എന്തെന്നില്ലാത്ത ഒരു സംഭ്രമവും ഖേദവും നിറഞ്ഞ എന്റെ ഹൃദയത്തിൽനിന്നും വിയോഗിനീവൃത്തത്തിൽ താനേ തന്നെ പദ്യങ്ങൾ പുറപ്പെടുവാൻ തുടങ്ങി. അങ്ങിനെ രണ്ടുമൂന്നെണ്ണമായപ്പോൾ എഴുതുക എന്നുതന്നെ നിശ്ചയിച്ച് എഴുതിത്തുടങ്ങി. ഒററ ഇരുപ്പിൽ മുപ്പതിൽ ചില്വാനം പദ്യങ്ങളെഴുതിക്കഴിഞ്ഞപ്പോൾ എഴുനേല്ക്കേണ്ട ആവശ്യം വന്നതുകൊണ്ടു് പെട്ടെന്നു നിത്തി. പിന്നെയും പദ്യങ്ങൾ താനേ തോന്നിത്തുടങ്ങി. എഴുതാൻ സാധിച്ചില്ല. എങ്കിലും മൂന്നുനാലു ദിവസം കൊണ്ടു പലപ്പോഴായി തോന്നിയ കുറെ പദ്യങ്ങൾകൂടി എഴുതിച്ചേത്തു് ഷഷ്ടി തികച്ച് അവിടെ നിത്തി. ഇനിയും പദ്യങ്ങൾ നാവിൽനിന്നുതിരുന്നുണ്ടെങ്കിലും കഴിയില്ലെന്നുവച്ച് ഹൃദയത്തെ മറെറാരു മാൎഗ്ഗത്തിലേക്കു തിരിച്ചുവിട്ടു. ഇങ്ങിനെയാണ്; ഈ വിലാപകാവ്യത്തിന്റെ ആവിർഭാവസ്വഭാവം എന്നു ചുരുക്കിപ്പറഞ്ഞുകൊള്ളട്ടെ.

ഈ കൃതി എഴുതിക്കഴിഞ്ഞശേഷം സന്നിഹിതന്മാരായ ചില സഹൃദയന്മാർ ഇതു വായിച്ചുനോക്കി അഭിനന്ദിക്കുകയും, അച്ചടിച്ചു പ്രസിദ്ധപ്പെടുത്തണം എന്നു് അഭിപ്രായപ്പെടുകയും ചെയ്തതനുസരിച്ചു അപ്രകാരം ചെയ്യുന്നതിനും ഇടയായി.

വാർദ്ധക്യവും അവശതയും ഉള്ള ഈ അവസരത്തിലും ആവുന്നവിധമെല്ലാം സ്വകൃത്യത്തെ നിർവ്വഹിക്കേണ്ടതാണെന്നുള്ള ഏക തത്വത്തെമാത്രം ആസ്പദമാക്കി രചിച്ചിട്ടുള്ള ഈ പുസ്തകവും ഇപ്പോൾ സഹൃദസമക്ഷം ഉപഹരിച്ചുകൊള്ളുന്നു.

ഈ കൃതികൊണ്ടു കൈരളിക്കോ, കേരളകവികൾക്കോ വല്ല ഗുണവും ലഭിക്കുന്നെങ്കിൽ ലഭിക്കട്ടെ. അനുശോചനമാണു് വിഷയമെങ്കിലും അതിൽ സാഹിത്യം കലർന്നിരുന്നാൽ തന്മയത്വം കൂടുമല്ലൊ. ഇതിൽ കൂടുതലൊന്നും ഈ കൃതിയെപ്പറ്റി പ്രസ്താവിക്കണമെന്നു വിചാരിക്കുന്നില്ല. സഹൃദയാഭിപ്രായത്തെ പ്രതീക്ഷിച്ചുകൊണ്ടു് വിരമിക്കുന്നു.

ഗ്രന്ഥകർത്താ,

പി. എസ്. പുരുഷോത്തമൻ നമ്പൂതിരി.

പുലിയൂർ,
26—9—'55.

# ബാഷ്പപൂരം

LIBRARY & READING ROOM
KOTTAYAM (WEST.)
BOSE VELOCR

(ഒരു വിലാപ കാവ്യം)

കഥയെന്തിതുകത്തി ലുൾത്തടം
വ്യഥയാൽ വെന്തുരുകുന്ന ദുസ്സഹം.
കഥമപ്പുറമോതിടും?—മഹൽ-
ക്കഥതൻപോക്കിതുതന്നെയോ ഭുവി! 1

പരിവേഷിത നീലലേഖികാ-
ഭരിതംകാർഡിത ഭവ്യസൂചകം;
ശരി; യേതുസുഹൃത്തമന്റെയെ-
ന്നറിയാനാശപെരുത്തു പിന്നെയും. 2

അഴലേറിയകംകലങ്ങി, വൻ-
പുഴപോൽ ബാഷ്പകണങ്ങൾ നിർഭരം;
ഒഴകീ;–ഹൃദി ധൈര്യമേന്തുവാൻ
കഴിയാതൊന്നുകുഴങ്ങിതെല്ലിടം. 3

കവി പണ്ഡിതനാര്യസമ്മതൻ,
ഭുവിമന്ദാരകശാലവിശ്രുതൻ,
കവിസന്നിഭനീതിവേദി,യുൾ-
ക്കവിയും കൗതുകമേകിടും മഹാൻ. 4

തനതഗ്രജവാൎഷികം നിവാ-
പനമുച്ചാവചമാചരിച്ചലം,
തനയാദിയുതൻഗയാവിധി-
ക്കനഘം പ്രസ്ഥിതനായ പുണ്യവാൻ. 5

“വിധിജാതവിഘാപനം”കലി
പ്രഥിതന്മാർ ചിലരാചരിക്കിലും
വിധി കൈവെടിയാത്ത വിജ്ഞനീ-
സുധിനാരായണമേദിനീസുരൻ. 6

നിഗമാന്തസ്മൃതോചിതം സുരാ-
പഗയിൽ സ്നാനമസിദ്ധമെങ്കിലും;
ഭഗവൽകൃപയാൽ വിനിൎഗ്ഗമം
സ്വഗതംപോലെ ലഭിച്ചു ധാൎമ്മികൻ. 7

ഒരുരോഗവുമെന്നിയീ മഹാ-
പുരുഷൻ ഭുവിതുവിട്ടു സത്വരം,
പരമംപദമാൎന്ന പാവനം
പരമാത്മൈക്യമിയന്നുകേവലം. 8

ഉടനിങ്ങിനെയീമഹാൻ വെടി-
ഞ്ഞുടലാത്മീയസുഹൃജ്ജനങ്ങളേ
കടുഖേദപയോധിതന്നിൽമു-
ക്കിടുമെന്നേവനറിഞ്ഞിരുന്നവൻ. 9

കനകോജ്ജ്വലകാന്തിചിന്തിടും
ഘനപീനാനതിദീർഘഗാത്രവും
വിനയാദിഗുണാഢ്യവിദ്യയും
ധനവും സുസ്മിതവാഗ്വിലാസവും. 10

കവിതാവ്യവഹാരകേളിയിൽ
സവിശേഷംവിജയംലഭിക്കയാൽ
ഭുവിപാതകഹാനിയും പരം
ഭവികോൽക്കർഷവുമൊത്തു മാന്യനായ് 11

ബഹുകാര്യധുരന്ധരൻപരം
ബഹുമാന്യൻ ഹൃദയാലുസമ്മതൻ,
മുഹുരുത്തമപൗരലക്ഷണൻ
സുഹൃതാച്ഛാദിവിധാനലോലുപൻ. 12

വിഭവോചിതമായ് ദ്വിജേന്ദ്രസൽ-
സതേനാഭ്യുദയപ്രവർത്തകൻ,
ശുഭകാര്യവിചാരവീര്യവാൻ,
പ്രവേശിഷ്ണുപ്രതിഭാപ്രചോദകൻ. 13

ഗൃഹദേശപുരാധികാരവും,
മഹനീയാത്മവിചാരശീലവും,
സഹജാതസഹാനുഭാവവും,
സഹജം സാഹിതിതൻ വിലാസവും. 14

പലസൽഗുണ ജാലമീവിധം
പുലരുംപുണ്യചരിത്രനീപ്പുമാൻ,
ഖലകാലവിധേയനായതോ-
ർത്തലമെന്നുള്ളുരുകുന്നിതെപ്പൊഴും. 15

ധനമേറെയഴിച്ചുസംസ്കൃതം-
പുനരായുർന്നിഗമാദിയൊക്കെയും
വിനയിപ്പതിനാലയങ്ങൾ തീ-
ർത്തനവദ്യംപുകൾനേടിയീപ്പുമാൻ. 16

നിജവംശപരമ്പരാശ്രിതം
ഭുജഗാരാമപരീതമീഗൃഹം;
ഭജനം പലർചെയ്തിടുംസ്ഥലം
സുജനോത്സർജിതവിത്തബൃംഹിതം. 17

പരദൈവതമാം ഫണീശ്വരൻ
വരദൻഭക്തജനാർത്ഥദൻ സദാ,
അഖിലാർത്ഥവുമാശുനേടിടാ—
മഖിലക്കും ഫണിസേവകൊണ്ടുതാൻ. 18

പലതിങ്ങിനെമേന്മചേരുമീ—
നിലയത്തേനിലനിത്തിനിസ്തുലം,
വിലസീടിനവിഷ്ഫുരന്മഹാ—
ജ്വലദീപം,—ഹ ഹ! പാരിരുണ്ടുപോയ്. 19

തനുജാദികളുണ്ടുധന്യർ, പി—
ന്നനുജൻവൈദ്യനട്ടത്തകാർണവർ;
അനുഭാവപുരസ്സരം ഭരി—
ച്ചനുമോദിച്ചിനിവാണിടട്ടെമേൽ. 20

ഫണിരാജപദാംബുജംസദാ
പണിയുംപാവനമീമഹാകുലം,
മണിഗേഹമഹോന്നതം മഹീ—
മണിദീപം വിലസട്ടെമേൽക്കുമേൽ. 21

അഴലിന്നിതുകൊണ്ടടങ്ങുകി—
ല്ലഴലുന്നുണ്ടുഹൃദന്തരംതുലോം,
പിഴയില്ലിതിൽ; വാസ്തവംഗ്രഹ—
പ്പിഴയെന്നോപറയേണ്ടുകേവലം. 22

നരജീവിതമല്പമാണൊരീ-
ധരണീദേവനരോഗനിങ്ങിനെ;
ചിരമൂഴിയിൽവാഴവാൻനിജേ-
ശ്വരനെന്തേകിയതില്ലനുഗ്രഹം. 23

മതിമാൻനിജപൂർവ്വജാർത്ഥനീ-
ക്ഷിതിവിട്ടാണ്ടുതികഞ്ഞടുത്തുതാൻ
കൃതി, തൽഗുരുഗൌരവംസ്മരി-
ച്ചതിമോദാലനുയാത്രചെയ്തിതോ. 24

പ്രഥമപ്രിയപത്നിസംസ്മൃതി-
വ്യഥവിട്ടൊട്ടുകഴിഞ്ഞുപിന്നെയും;
വിധിപോലെനടത്തിവേളി; ദു-
ർവ്വിധിചേർത്തിന്നുവിയോഗിനീസ്ഥിതി. 25

---

മരണം ദൃഢമേവനംതദു-
ത്തരണംദുഷ്കരമെന്നിരിക്കിലും;
ചിരജീവിതമേകുവാൻതദീ-
ശ്വരനുംതെല്ലുമടിച്ചിരുന്നിതോ? 27

ശരി, കാശിയിലെത്തിയാൽകുറേ
പരിഹാരംകരുതാമതെന്നിയേ;
ത്വരിതംമൃതനാകയാൽതടോ-
പരി, ഗോദാവരിതന്നിൽ ദഗ്ധനായ്. 27

ചിതിഭസ്മവുമസ്ഥിയുംതദുൽ-
ഗതി, ഗംഗാജലസംപ്ലുതങ്ങളായ്;
പ്രതിപത്തിയൊടേകിടും; ജഗ-
ത്തിതിലന്യൿവിധേയമേവമാം. 28

നരനോഗതദൈന്യജീവിതം
വര മായാസവിഹീനമൃത്യുവും,
സുരസിന്ധുവിലുള്ളയാത്രയും
തരമായാലതുഭാഗ്യമേററവും. 29

പലതിങ്ങിനെവിസ്തരിച്ചുനാം
വിലപിക്കുന്നതിലില്ലൊരൽപവും,
ഫല, മാത്മഗതിക്കയുക്തമീ-
നിലയെന്നും പറയുന്നുപണ്ഡിതർ. 30

ഭുവിജാതനമൃത്യുവും, ജനി-
ച്ചവനാജ്ജന്മവുമുണ്ടുനിർണ്ണയം;
അവിവേകജമന്യഥാഭ്രമം
ധ്രുവമാത്മാവിനുഹാനിയില്ലതാൻ. 31

വിയദഗ്നിമരുജ്ജലാവനീ-
മയമിദ്ദേഹമമേധ്യമിശ്രിതം;
പ്രിയമെന്തിതിലിത്രമാത്ര മ-
ദ്വയമേകം പരമാത്മസംസ്ഥിതി. 32

വിലപിക്കരുതന്തരംഗ! നി-
ശ്ചലമായ് തെല്ലിനിവിശ്രമിക്കനീ.
ബലവാൻവിധിതന്നെ; തൽക്രിയാ-
ഫലമാണീവകയൊക്കെയുംദൃഢം. 33

ഉദകക്രിയതൊട്ടതൊക്കെയ-
ഭൃദയത്തിന്നിനിവേണ്ടപോലവേ;
തദപത്യവിധേയ,—മായതുൾ-
ക്കളനാഗ്നിക്കുപശാന്തിചേർത്തിടും. 34

ചരണാനുസൃതംസപിണ്ഡിതൻ-
കരണംവേണമൊരാണ്ടു ദീക്ഷയും;
പരമാവധികൽപിതം പുരാ
പരമാത്മൈക്യകരം പരേതനും. 35

വിധിവൈഭവമോക്ക, വിപ്രരും
വിധിതെററിച്ചു വൃഥാനടക്കയായ്;
അധികാരികളും നിഷിദ്ധമാ-
ണധികംചെയ്യുകയെന്നമട്ടിലായ്. 36

ജനവ്യൽഗതിയേവമെങ്കിലും
വിനയാദ്യാത്മഗുണാഢ്യരിപ്പൊഴും;
ജനനോചിതകൃത്യനിഷ്ഠരു-
ണ്ടനഘന്മാർ ചിലരങ്ങുമിങ്ങുമായ്, 37

കലികാലവിധേയ മാണിളാ-
തലമെന്നാകിലു മാടൽതീക്ക്വാൻ;
പലമാഗ്ഗവുമുണ്ടതൊക്കയും
ഫലവത്തെന്നറിയാത്തവൻ ജളൻ. 38

ഹതദുവ്വിധിയോഗവും ദൃഢ-
വ്രതശക്തിക്കിഹകീഴടക്കിടാം;
കൃതകമ്മഫലങ്ങൾ ജീവിതം
ശ്രുതമേവം നിഗമാഗമോദിതം. 39

ഉലകത്തെമറിച്ചിടുന്നൊരീ-
നിലയിൽജീവിതമാഗ്ഗമെങ്ങിനെ?
വിലയംഗതമായ് സനാതനം
കുലധമ്മം; കലിക്രുത്തടിക്കയായ്. 40

ഇനി, ജീവിതമെന്തിനെന്നുതാൻ
തനിയേറ്റത്തിൽ നിനച്ചുദാസ്തനായ്;
മുനിപോൽമരണം യഥേഷ്ടമ-
ദ്ധ്വനി സാധിച്ചുതന്നെയായ്‌വരാം. 41

അണിമാദികളെട്ടിനപ്പുറം
പണിയേറുന്നതിലേകസിദ്ധിയേ;
ഫണിദൈവതമാം മഹീമരു-
ന്മണിസാധിച്ചവരിച്ചിതോമൃതി? 42

അഥവാഭുവി വിന്ധ്യനപ്പുറം
പ്രഥിതം പുണ്യവിശേഷമൂഴിയിൽ,
അതുതാൻ ഹൃദിപാർത്തുടൻവിനി-
ർഗ്ഗതനായ് മൃത്യുവിധേയനായിതോ! 43

നിജസംസ്‌കൃതപാഠശാലയേ
വിജയിപ്പിച്ച വിശിഷ്ടപണ്ഡിതൻ,
ദ്വിജനിക്ഷിതി വിട്ടതോർത്തുതൽ-
ഭജനത്തിന്നനുയാത്രചെയ്തിതോ! 44

ബലിവാമനവൃത്തമാം കഥാ-
വലിയാട്ടക്കഥ മേലിൽവാനിലും;
അലിവാർന്നു നടപ്പിലാക്കുവാൻ
കലിതാമോദമണഞ്ഞിതോ ദിവി. 45

'പലവിദ്യയിലും പടുത്വവും
കലവൈശിഷ്ട്യവു മഗ്ര്യബുദ്ധിയും,
കലരുന്നമഹാൻെറ യാശയം
പലതും ദുർഗ്രഹമാകുമെപ്പൊഴും. 46

അഭിജാതകുലാനുരൂപമാ-
മഭിമാനം നിലനിത്തിനിർഭരം,
അഭിതോജനമാന്യനീമഹാ-
നഭിനന്ദ്യൻ ദൃഢമാക്കമെപ്പൊഴും. 47

ഗുരുവും കവിയും ബുധന്റുലവും
പെരുകുംദേവ സദസ്സിലിപ്പൊഴും,
മരുവുന്നിതു പൂവ്വപണ്ഡിതോൽ-
ക്കരമുള്ളൂർ മുതലുള്ളൊരേവരും. 48

പരിഷത്തിനുപേർ സുധർമ്മയാം;
ഹരിതൻമന്ത്രിമഹാൻ ബൃഹസ്പതി,
വരിവസ്യഭവാനുനൽകിടും
പരിശുദ്ധൻ പ്രസിഡൻറു നീതിമാൻ. 49

സുരഭാരതിതൻെറശോച്യമാം
ദുരവസ്ഥയ്ക്കൊരു ശാന്തിനൽകുവാൻ,
തരമുണ്ടതിനായ് ശുപാശ്ചെ-
യ്തരമാദ്ദേവിയെയിങ്ങയയ്ക്കണം. 50

സുമനസ്സുകളൊട്ടുപേരിനി-
ക്ഷമയിൽ ജന്മമെടുത്തുധമ്മവും;
വിമലോത്തമനീതിയും യഥാ-
ക്രമമീനാട്ടിൽ നടപ്പിലാക്കണം. 51

ചിലരിങ്ങിനെ ചെയ്യിടായ്കിലീ-
യുലകം നൂനമധഃപതിച്ചുപോം,
ചലമേറിടുമന്യഭാഷതൻ
നിലയൊട്ടാകെയുടച്ചുവാക്കണം. 52

അധിഭാരതമാര്യഭാഷതാ-
നധികംയുക്തമിതാര്യസമ്മതം.
അധിഭൂവിതിനി,ല്ലഭിജ്ഞർത-
നാധികാരം ശിഥിലീഭവിച്ചുപോയ്. 53

സുമനസ്സുകൾ വാനിൽവാണിടും
വിമലന്മാർബ്ബുധരാണുസർവ്വരും;
സുമഹാൻഗുരുസൂരിമന്ത്രിതാ-
നമരേന്ദ്രാനുജനണ്ടുവിഷ്ണുവും. 54

സുരഗംഗയിൽനിത്യമാപ്ലവം
തരമുണ്ടത്രസുധാന്നഭുക്തിയും;
സരസംസുഖമാണുവാഴുവാൻ
നരനെന്നാലതുപുണ്യലഭ്യമാം. 55

തവപൂർവ്വപിതാക്കളോടുചേ-
ർന്നവസാനംധുതകർമ്മബന്ധനായ്
ശിവമദ്വയമേകമാസ്പദം
ധ്രുവമാസിച്ചുലഭിക്കനിർവൃതി. 56

നിയതിക്കുവിധേയമെപ്പൊഴും
നിയതംജീവിതമേതുമർത്ത്യനും
സ്വയമീപ്പരമാർത്ഥമോർത്തനാ-
മയമാർജ്ജിക്കണമാത്മമുക്തിയേ. 57

ധനമുള്ളതുവീട്ടിൽനിന്നിടും
തനയാദ്യാര്യർവരുംചിതാവധി;
പുനരാത്മശുഭാശുഭങ്ങൾതാൻ
തനുനാശത്തിലനുവ്രജിച്ചിടും 58

ഭഗവൽകൃപകൊണ്ടുസർവ്വവും
സുഗമംസാധ്യമവിജ്ഞരെങ്കിലും;
നിഗമാദികളൊന്നുവേറെയാം
സ്വഗതിക്കീശ്വരഭക്തിതാൻമതി. 59

പ്രിയമിത്ര! ഭവൽക്കളേബരാ-
ത്യയമത്യന്തമസഹ്യമെങ്കിലും
നിയതംതവഭോഗിരാഡ്വപു-
ശ്ശയനൻനിർവൃതിനൽകിടുംദൃഢം. 60

ഫണിപതിപരദൈവംചേർന്നമന്ദാരശാലാ-
ഗ്രണിഗുണഗണമേറും സൂരിനാരായണാഖ്യൻ.
ക്ഷണികമുലകമെന്നായ് കണ്ടുവൈകുണ്ഠപാദ-
പ്രണിഹിതമതിനേടീചിന്മയബ്രഹ്മയോഗം. 61

## സമാപ്തം.

ഭുവിൽപ്രജാക്ഷേമമുയർന്നിടേണം,
ഭൂ വാണിടേണംവിധിപോൽനരേന്ദ്രൻ,
ഗോ വിപ്രരെന്നുംശുഭമാർന്നിടേണ-
മീവിശ്വലോകങ്ങൾ സുഖിച്ചിടട്ടേ!-

ശുഭംഭൂയാൽ!!

# അഭിപ്രായങ്ങൾ

## i ജീവിതരഹസ്യം.

അഥവാ

## ദൈവവിധി

## ii ദേവീപ്രാർത്ഥന.

ജ്യോതിഷപണ്ഡിതനും, ഗണിത വിദഗ്ദ്ധമണിയും ആയ ശ്രീ: പി. എസ്. പുരുഷോത്തമൻനമ്പൂതിരി സംസ്കൃതത്തിലെ പ്രസിദ്ധമഹാകാവ്യമായ നൈഷധീയ ചരിതത്തെ ഭാഷാനുവാദം ചെയ്തു കൈരളീസപര്യയനുഷ്ഠിച്ച് സാഹിത്യമണിയായി പ്രശോഭിക്കുന്ന ഒരു ധന്യാത്മാവാണ്. ജീവിതസായാഹ്നത്തിൽ പ്രവേശിച്ചിരിക്കുന്ന ഈ ജ്ഞാനവൃദ്ധൻ ഭൂതകാലാകാശവീഥിയിൽ മായാതെ അവശേഷിച്ചുകിടക്കുന്ന സംഭവപരമ്പരയെ ഒന്നവലോകിക്കയാണ് ഇതിൽ ചെയ്യുന്നത്. ചുരുക്കി പറയുകയാണെങ്കിൽ പദ്യരൂപത്തിലുള്ള ഒരു ആത്മകഥാകഥനം. സ്വന്തം ജീവിതത്തിൽ നേരിട്ട അന്തസ്താപങ്ങളും അസന്തുഷ്ടികളും പ്രതിബന്ധങ്ങളും പരിപന്ഥികളിൽ നിന്നുളവായിട്ടുള്ള സന്താപങ്ങളും ഒക്കെയടങ്ങുന്ന ഒരു വിവരപ്പട്ടികയായി ഇതു നീണ്ടുപോകുന്നു. നമ്പൂതിരികൾക്ക് സഹജമായ അയണാലളിതമായ ആ ഒഴുക്കൻമട്ടിൽ പോകുന്ന ഈ ഖണ്ഡകാവ്യത്തിലെ കവിത

യിൽ കഴിഞ്ഞുപോയ തലമുറയുടെ പ്രതിദ്ധ്വനി നമുക്കു ശ്രവിക്കാൻ സാധിക്കും.

ഓക്കാൻപ്രയാസമവയൊക്കെയുമിന്നുഞാനോ
ചേക്കാൻ, ദുരാധിവശനാംദ്വിജവൃദ്ധനായി.

എന്നിങ്ങനെ ആലോചനാരസികമായ വരികൾ ഈ കവിതാഭക്കുലത്തിനു് പൊൻകസവിടുന്നതായി കാണാനുണ്ടു്. അദ്ദേഹത്തിന്റെ അശ്രദ്ധകൊണ്ടായിരിക്കാനേ ഇടയുള്ളു. ചില കുസന്ധികളും ക്രൂട്ടിമെടയലുകളും ഈ കൃതിയെ ഒഴിവാക്കിയിട്ടുമില്ല. അന്യേഷാം ഹിതത്തിങ്കലീഷ്യയുമുണ്ടാകാതെയുള്ള ആ മഹാമനസ്കത ആധുനികലോകഗതിയെ വിമർശിക്കുമ്പോൾ കവിയെ കൈവിട്ടപോലിരിക്കുന്നു. എല്ലാം ഭഗവല്ലീലാവിലാസമെന്നു സമാധാനിക്കാനുള്ള സമചിത്തത സമുചിതമായി പരിലസിക്കുമെന്നുള്ളതാണെല്ലോ അദ്ദേഹത്തിന്റഭിപ്രായം. കവിയുടെ കായികസാദവും മാനസഖേദവും ജഗന്മാതാവിനോട്ടുണർത്തി ആ വൈഷമ്യങ്ങളിൽനിന്നു മോചിപ്പിക്കുന്നതിലേക്കുള്ളതാണു് അദ്ദേഹത്തിന്റെ ദേവീപ്രാർത്ഥന കരുണാമയിയായ ആ ജഗജ്ജനനി അദ്ദേഹത്തിന്റെ പ്രാർത്ഥനയിൽ അകമലിഞ്ഞു് ചില അനുഗ്രഹവിശേഷങ്ങളരുളിയെന്നു ഇതിലെ ഉത്തരാർദ്ധംകൊണ്ടു തെളിയുന്നു.

കാലാംഭോദാളിമാലാകലിതരുചി-
കരളാകൃതേകാളകണ്ഠ-
ജ്വാലാമാലാനലോദ്വീക്ഷണജ-
നിതതനോകാളികാരുണ്യരാശേ!

എന്നിങ്ങനെ പഴയ മണിപ്രവാളത്തിന്റെ തെളിനോട്ടം ഇതിൽ ചിലയിടങ്ങളിൽ വിശേഷമാകുന്നുണ്ടു്.

മലയാളരാജ്യം.

എന്നും ഒരേതരം കറികൂട്ടിയൂണുകഴിക്കുന്ന ഒരാൾക്കു കറിയൊന്നു മാറികിട്ടിയാലുണ്ടാവുന്ന ഒരു സന്തോഷം ഇല്ലേ, അതാണു് ദ്രാവിഡവൃത്തങ്ങൾ കണ്ടുമുഷിഞ്ഞ കണ്ണിനു് സംസ്കൃതവൃത്തങ്ങൾ കണ്ടാലുണ്ടാവുക. "ശ്ലോക മുത്തശ്ശി"യുടെ പല്ലില്ലാത്ത വായിൽനിന്നുതിരുന്ന അന ർഗ്ഗളസംഭാഷണം പഴയകാലഘട്ടങ്ങളിലേക്കു ഒന്നു കണ്ണോ ടിക്കുവാൻ നമ്മെ സഹായിക്കും.

സംസ്കൃതവൃത്തത്തിലുള്ള ഇരുന്നൂററിപ്പതിനെട്ട് ശ്ലോകങ്ങളാണു് പുലിയൂർ പുരുഷോത്തമൻ നമ്പൂതിരി യുടെ "ജീവിതരഹസ്യം അഥവാ ദൈവവിധി" എന്ന ഈ ചെറു പുസ്തകത്തിലുള്ളതു്. അദ്ദേഹത്തിൻെറ സ്വന്തം ജീവിതത്തിലെ ചില പ്രധാന സംഭവങ്ങളെയാണിതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്നു തോന്നുന്നു. വാസ്തവാനുഭവ ങ്ങൾക്കു് മധുരിമയും ഹൃദയംഗമതയും സാങ്കല്പികാനുഭവ ങ്ങളെക്കാൾ കൂടുമല്ലോ?.........................................

രണ്ടു ഭാഗമായിട്ടു് അറുപതുശ്ലോകങ്ങളാണു് ഈ ദേവീപ്രാൎത്ഥനയിലുള്ളതു്. ഗ്രന്ഥകൎത്താവിൻെറ സ്വന്തം കുടുംബക്ലേശങ്ങൾ വിവരിച്ചു അവയ്ക്കു നിവൃത്തിമാൎഗ്ഗമു ണ്ടാക്കിത്തരുവാൻ പരദേവതയോടു പ്രാൎത്ഥിക്കയാണു് ഒന്നാംഭാഗത്തിൽ ചെയ്തിരിക്കുന്നതു്, ആ പ്രാൎത്ഥനയുടെ അനന്തരഫലങ്ങളും തൽക്കാലസ്ഥിതിയുമൊക്കെ രണ്ടാം ഭാഗത്തിലും വിവരിച്ചിരിക്കുന്നു. ആത്മാൎത്ഥത തികഞ്ഞ ഇതിലെ ശ്ലോകങ്ങൾക്കു ഭംഗിയും ഹൃദയംഗമതയും ഉണ്ടു്. കവിയുടെ ദുഃഖങ്ങളിൽ നമ്മളും അലിഞ്ഞുചേരുന്നതു പോലെ തോന്നും, അതാണല്ലോ യഥാൎത്ഥ കവിത. അ തിശയോക്തിപരങ്ങളായ സങ്കല്പകവിതകൾക്കു ഇത്രയും ഹൃദയസ്പർശിതാമുണ്ടാക്കാൻ പ്രയാസമാണു്.

മാതൃഭൂമി.

...പുസ്തകരചനയും വളരെ പിടിച്ചിട്ടുണ്ട്. ജീവിതരഹസ്യത്തിലെ പല വരികളും ജീവിത നിർവ്വഹണത്തിനാവശ്യമായ പല പാഠങ്ങളെയും ജനതയ്ക്കു നൽകുന്നുവെന്നു സന്തോഷപൂർവ്വകം ഞാൻ അഭിപ്രായപ്പെടുന്നു. എനിക്കു സാധാരണയായി മലയാള പദ്യകൃതികളിൽ പ്രതിപത്തി ചുരുങ്ങും. ഈ രണ്ടുകൃതികളും (ഇതും ദേവീപ്രാർത്ഥനയും) അത്യന്തം ഹൃദ്യമായിത്തോന്നിയതിനാൽ ആദ്യന്തം ഒന്നു നല്ലവണ്ണംവായിച്ച ശേഷമേ മററു കാര്യങ്ങളിൽ ശ്രദ്ധിച്ചുള്ളു.........

എം. എസ്. ശ്രീനിവാസശാസ്ത്രി.

......218 ശ്ലോകങ്ങൾകൊണ്ടു പ്രാർത്ഥനാരൂപേണ ചമച്ചിട്ടുള്ളതാണു്, പ്രസ്തുത ഖണ്ഡകാവ്യം. ഇതു ഗ്രന്ഥകർത്താവിൻെറ ഒരു ആത്മകഥാകഥനംകൂടിയാണു്. മാതൃമാഹാത്മ്യസ്മരണയിൽനിന്നു നിർഗ്ഗമിക്കുന്ന ഗ്രന്ഥകർത്താവിൻെറ നൈസർഗ്ഗികമായ മാതൃഭക്തി പാരവശ്യമാണു് ആദ്യശ്ലോകംകൊണ്ടു സ്ഫുരിക്കുന്നതു്. മാത്രവുമല്ല ജീവിതയാത്രയിലെ പല തിക്തകങ്ങളായ അനുഭവങ്ങളുടെയും വർണ്ണന ഏററവും ലളിതവും ഭാവനാസമ്പൂർണ്ണവുമാം വിധമനുസ്മരിപ്പിച്ചുകൊണ്ടുള്ള ഈ ലഘുകാവ്യം കൈരളിയുടെ ദിവ്യോദ്യാനത്തിലെ ഒരു മങ്ങാത്തപുഷ്പംതന്നെയായിരിക്കും ... സർവ്വോപരി മാതൃഭക്തി കുടുംബസ്നേഹം ശത്രുതയോടുകൂടി പെരുമാറുന്നമിത്രങ്ങളിൽ സഹിഷ്ണുത നിർദ്ധനാവസ്ഥയിൽപോലും ഉള്ള ആത്മനിയന്ത്രണം മുതലായ സ്വാനുഭവങ്ങളുടെ യഥാർത്ഥ ചിത്രീകരണങ്ങളോടുകൂടിയ ഈ കൃതി സാഹിതീ സേവകന്മാരായ സജ്ജനങ്ങൾക്കു സന്തോഷകരവും ജീവിതമത്സരത്തിലെ അനുഭവങ്ങളുടെ യഥാർത്ഥ പ്രതിബിംബവുമാണെന്നു പറയാവു

ന്നതാണ്. എപ്പോഴും അലട്ടിക്കൊണ്ടിരിക്കുന്ന ചുററുപാടുകളിൽപോലും ഉറച്ച ദൈവഭക്തികൊണ്ടും സൗഭാഗ്യവാനായിത്തീർന്നിട്ടുള്ള ഗ്രന്ഥകത്താവിൻെറ...........

വൈവശ്യമെന്തിനു വിധിച്ചതുതന്നെ കിട്ടും
കൈവല്യമൂത്തിയുടെ കല്പനയേവമല്ലോ.

എന്ന ആശയഗതി ആക്കും ആശ്വാസപ്രദവും അനുകരണീയവും ആയിരിക്കുന്നതാണ്.........അരനൂററാണ്ടു കാലത്തെ ലോകഗതിയും വൈപരീത്യാന്തരീക്ഷത്തിൽ ജീവിതക്ലേശവുമായി മല്ലിടുന്ന കമ്മധീരതയും സവ്വോപരി ജഗജ്ജനനിയാൽ ആശ്വാസം കൊള്ളുന്ന ഉറച്ച ഭക്തിയും ഈ ഗ്രന്ഥത്തിൽ പ്രസരിക്കുന്ന കിരണങ്ങളാണ്............

അഭിനവകേരളീയ ജ്യോതിഷമാസിക.

...... നൈഷധമഹാകാവ്യം 22 സഗ്ഗവും ഭാഷാന്തരം ചെയ്ത ഒരു മഹാകവിയുടെ തൂലികയിൽനിന്നു നിഗ്ഗളിച്ചതിനാലും മഹാദേവിയെ സവ്വാത്മനാ ആശ്രയിച്ച ഒരു ഭക്തോത്തമൻെറ ജീവിതത്തെ വിവരിക്കുന്നതിനാലും ഈ രണ്ടു ഖണ്ഡകൃതികൾ കേരളത്തിലെ സാഹിത്യഗ്രന്ഥങ്ങളുടെയും സൽ കാവ്യങ്ങളുടെയും പ്രഥമസ്ഥാനത്തെ അർഹിക്കുന്നതാണ്.

കാനപ്രം നാരായണൻനമ്പൂതിരി

## കവനഹാരാവലി
(ഒന്നാംഭാഗം)

പണ്ഡിതന്മാരെല്ലാം കവികളാകണമെന്നില്ല. കവികളെല്ലാം പണ്ഡിതന്മാരായിരിക്കണമെന്നുമില്ല. രണ്ടുമൊ

ത്താൽ വളരെ നന്ന്. ശ്രീ. പുരുഷോത്തമൻനമ്പൂതിരി പണ്ഡിതനും കവിയുമാണ്. മററാരു വിധത്തിൽ പറഞ്ഞാൽ അദ്ദേഹം ഒരു പണ്ഡിതകവിയാണ്. ശ്രീഹർഷൻെറ വിശ്രുതമായ നൈഷധീയചരിതം, ഭാഷയിലാക്കിയ ആ പണ്ഡിതവൃദ്ധൻെറ അന്നിതരസാധാരണമായ കവിതാശക്തിക്കുമുമ്പിൽ കൈക്കൂപ്പാതെ തരമില്ല.

മാതൃസ്മൃതി തുടങ്ങി ഇരുപത്തിമൂന്ന് ഖണ്ഡകൃതികളുടെ ഒരു സമാഹാരമാണ് "കവനഹാരാവലി" കവിതകളിൽ അധികവും ആദ്യകാലകൃതികളാണ്. ഒടുവിലത്തെ 3 കവിതകൾ (ചിന്താതരംഗം, വിരക്തി, യാഥാസ്ഥിതികമനോഗതി) മാത്രമാണ് അടുത്തകാലത്തു രചിക്കപ്പെട്ടവ. പരിപക്വമായ ഒരു പ്രതിഭയിൽ നിന്ന് രൂപമെടുത്ത ആ കവിതകളിൽ അദ്ദേഹത്തിൻെറ, മനുഷ്യസ്നേഹവും ആദർശസ്ഥൈര്യവും, "യാഥാസ്ഥിതികമനോഭാവവും നല്ലപോലെ തെളിഞ്ഞുകാണാം. ആദ്യകവിതകളിൽ പലതും മുമ്പ് മാസികകളിലും മററും പ്രസിദ്ധീകരിച്ചിരുന്നവയാണ്.

"മാതൃസ്മൃതി"എന്ന ആദ്യത്തെ കവിത ചിന്താമധുരവും ഹൃദയാവർജ്ജകവുമാണ്. ചന്ദ്രോപാലംഭം, വൃന്ദാനം നമ്പൂതിരി, ഭാഷാസംഗീതകേതുചരിതം, വാമനൻ, ചില തത്വചിന്തകൾ, വിചാരലഹരി ഈ കവിതകളും പ്രത്യേകം എടുത്തുപറയത്തക്കവയാണ്. "സംഗീതകേതുചരിതം" തർജ്ജിമയാണെങ്കിലും, ഒററനോട്ടത്തിൽ അതൊരു സ്വതന്ത്രകൃതിയാണെന്നേ സഹൃദയന്മാക്ക് തോന്നുകയുള്ളൂ. അക്ലിഷ്ടവും മനോഹരവുമാണ് പുലിയൂരിൻെറ കാവ്യശൈലി.

ഉദാ:—വേഴാമ്പൽപ്പേടയ്ക്കു", ഇത്യാദി നോക്കുക.

"പ്രസന്നം, സുഭഗം, സുന്ദരം എന്നതാണ് പുലിയൂർ ഭാരതിയുടെ സ്വഭാവം: എന്ന് അവതാരികാകാര

നായ വടക്കുംകൂർ രാജരാജവർമ്മരാജാ അഭിപ്രായപ്പെട്ടിരിക്കുന്നതു ശ്രദ്ധേയമാണ്. എന്നാൽ, ചിലപ്പോൾ പാണ്ഡിത്യം കവിത്വത്തിന്റെ തോളിൽക്കേറി താളം ചവിട്ടുന്നു എന്നു പറയാതെ തരമില്ല. അതു പറയത്തക്ക ഒരു പോരായ്മയല്ലെങ്കിലും, ശൈലിയുടെ ശാലീനതയ്ക്കു കോട്ടം തട്ടിക്കുന്നതാണ്. പ്രതിപാദ്യത്തിലോ, പ്രതിപാദനരീതിയിലോ പറയത്തക്ക പുതുമകളൊന്നും 'കവനഹാരാവലി'യിൽ ഇല്ല. ആർഷസംസ്കാരത്തിന്റെ പ്രഭാപ്പൊലിമയിൽ കണ്ണഞ്ചിപ്പോയ ആ വന്ദ്യവയോധികന്, സാഹിത്യത്തിലെ 'പുതുമ'ക്കാരോട് വലിയ സഹാനുഭൂതിയൊന്നുമില്ല.

പത്രഗ്രന്ഥങ്ങളിപ്പോൾ... ഇത്യാദി നോക്കുക.

സാഹിത്യത്തിലെ കഴിഞ്ഞ തലമുറകളെപ്പററിയുള്ള മധുരസ്മരണകളുമായി കഴിയുന്ന അദ്ദേഹത്തിന്, വളരുന്ന സാഹിത്യവുമായി ബന്ധമൊന്നുമില്ല. തികച്ചും, കഴിഞ്ഞ തലമുറയുടെ പ്രതിനിധിയായിക്കഴിയുവാൻ വെമ്പൽകൊള്ളുന്ന അദ്ദേഹത്തോടു പരിഭവിച്ചിട്ടു കാര്യമില്ല; പ്രയോജനവുമില്ല.

## കവനഹാരാവലി

സുപ്രസിദ്ധജ്യോതിഷകനായ പുലിയൂർ പുരുഷോത്തമൻ നമ്പൂതിരി ഒരു കവികൂടിയാണെന്നു പലരും ധരിച്ചിട്ടുണ്ടാവില്ല. എന്നാൽ അനവധി ജ്യൌതിഷ വ്യാഖ്യാന ഗ്രന്ഥങ്ങളും മററും പ്രസിദ്ധപ്പെടുത്തിഴപ്പാന്നതിനിടയിൽ 'വിതവ വിജയ'വും 'നൈഷധ'വും പോലുള്ള കാവ്യങ്ങളുടെ തർജ്ജിമ, ആറേഴു സാഹിത്യകൃതികളുടെ വ്യാഖ്യാനം, ഒന്നുരണ്ടു ആട്ടക്കഥ, ഒരു ഭാഷാനാടകം, ഒരോട്ടംതുള്ളൽ, ഒരു നോവൽ, നാലഞ്ചു സ്വതന്ത്രകവി

താപുസ്തകങ്ങൾ മുതലായവകൂടി അദ്ദേഹം രചിച്ചുകഴി ഞ്ഞിരിക്കുന്നു. മിക്കതും പ്രസിദ്ധീകരിച്ചും കഴിഞ്ഞി ട്ടുണ്ട്.

ഈ പുസ്തകത്തിലുള്ള 23 കൃതികളും സംസ്കൃതവൃത്ത നിബദ്ധങ്ങളാണ്. "സംസ്കൃതവൃത്തവിരചിതമായി രിക്കുന്നു എന്ന സംഗതി ഹാരാവലിയുടെ ശ്ലാഘ്യതയെ വർദ്ധിപ്പിക്കുന്നു" എന്നുപോലും അവതാരകനായ ശ്രീ. വ ടക്കുംകൂറിനഭിപ്രായമുണ്ട്. പക്ഷെ ഈ പരിഷ്കാരകാല ത്ത് "ഈദൃശകൃതികളുടെ പ്രസിദ്ധീകരണം എത്രത്തോ ളം ഫലപ്രദമായിവരു"മെന്നു ഗ്രന്ഥകർത്താവു 'ശങ്കി'ക്കാ തിരുന്നിട്ടില്ല. ശങ്ക അസ്ഥാനത്തിലല്ലതാനും "സംസ്കൃ തവൃത്തത്തിലെഴുതിയാൽ കവിതയാവില്ല" എന്നു വിചാ രിക്കുന്നവരേയും ഇയ്യിടെ കണ്ടെത്താറുണ്ട്. പക്ഷേ ഒരു സംശയം; വൃത്തമാണോ കാവ്യസത്തിൻെറ നിയാമകം? 'എക്സ്റ്റസി' എന്നോ 'ബ്രഹ്മാനന്ദം' എന്നോ ഒക്കെ റയാവുന്ന ശൈവമായ ആ:ലയമല്ലേ?

ഇടക്കാലത്തെ നമ്പൂതിരിക്കവിതയുടെ തനിമക ളെല്ലാം ശ്രീ പുലിയൂരിൻെറ കവിതയിൽ ഉപസ്കരിക്ക പ്പെട്ടിട്ടുണ്ട്. "യാഥാസ്ഥിതികമനോഗതി" "വിരക്തി" "ചിന്താതരംഗം" "വിചാരലഹരി" "ചില നന്മചിന്ത കൾ" "മാതൃസ്മൃതി" "സജ്ജനവിരോധം" "അത്യാഹിതം" എന്നിങ്ങനെ പലതിലും കവിയുടെ ആത്മകഥാംശങ്ങ ളും ചിതറിക്കിടക്കുന്നു. അതുകൊണ്ടാവാം, അവയിലെ ആരോഗ്യകരമായ തുളസിപ്പൂമണം ചിന്തിനിൽക്കുന്ന പ ഴയ,പുസ്തകം താഴെവച്ചാലും ഹൃദയത്തിൽ തങ്ങിനില്ക്കും. ആഷ്ജ്ഞാനത്തിൻെറ നിലാവണിഞ്ഞുനില്ക്കുന്ന ഭൂതകാ ലശാന്തിയെക്കുറിച്ചുള്ള സ്മരണയേ, കണ്ണിൽകുത്തുന്ന വെ യിലും കട്ടപിടിച്ചനിഴലും കൂടികലൎന്ന ആധുനികപരി ഷ്കാരത്തിൻെറ അന്തരീക്ഷം ശല്യപെടുത്തുന്നു. വാത്സ

ല്യശാലിയും ശാന്തനുമായ— ചിരിക്കുന്നവനുമായ— ഒരു പരമകാരുണികമാകാവുന്ന ആ വിഷാദത്തെ അനുവാചക ഹൃദയത്തിലവശേഷിപ്പിക്കുവാൻ കഴിഞ്ഞ ശ്രീ. പുലിയൂർ പ്രശംസാർഹനത്രെ ശ്രീ. എം. ആർ. ബിയുടെ 'വിധവാവിവാഹത്തെപ്പററിയുള്ള 'ഒരനുമോദനവും' യോഗക്ഷേമസഭയിൽ ചെയ്ത കവിതാപ്രസംഗമായ നമ്പൂതിരിമാരോടും' ശ്രദ്ധേയങ്ങൾതന്നെ. ആഷജ്ഞാനത്തെ ബാധിച്ച ഇരുമ്പുകളെചുരണ്ടിക്കളയാനുള്ള കവിയുടെ ശുഷ്കാന്തി അവയിൽ പ്രകടമായിട്ടുണ്ടെന്നർത്ഥം.

മലയാളരാജ്യം.

വാണീദേവീകടാക്ഷഭ്രമരവിലസിതോദ്യാനമേ! മഞ്ജു കാവ്യ
ശ്രേണീ മാധുര്യ്യസാരാസ്വാദനലഹരിയാലുന്മത്തടം മത്തമായി.
നാണീയസ്സാം യശസ്സാരന്നൊരു ഗണിതമഹാശാസ്ത്രവിദ്വാൻ! ഭവാനെ-
ന്താണീക്കാലങ്ങളെല്ലാമിവകൾ വെളിയിടാക്കാതെമൗനം ഭജിച്ചു.

കവനഹാരാവലിയുടെ ഒന്നാംഭാഗം ഇത്രയും നന്നായപ്പോൾ ഇതിനു പുറകേ വരുന്ന ഹാരാവലികൾ നവരത്നഹാരാവലികളായി തീരുമെന്നുള്ളതിനു സംശയമില്ല.

പൂഞ്ഞാററിൽ, രാമവർമ്മ വലിയരാജാ.

## കവനഹാരാവലി

.........കവിതയുടെ ഗാംഭീര്യസൗന്ദര്യവീര്യങ്ങൾ എന്നെ അത്ര ആകർഷിച്ചു അവതാരികയിൽ വടക്കുംകൂർ പറഞ്ഞ ഓരോ അക്ഷരത്തോടും, ഞാൻ അതിശക്തിപൂർവ്വം യോജിക്കുകതന്നെ ചെയ്യുന്നു. ഉള്ളിൽ തട്ടിയ കവിതകളാണതിലുള്ളതെല്ലാംതന്നെ. അരുപതും അധികവും കഴിഞ്ഞ ഒരാചാര്യൻെറ കവിതാനതാംശി

ഇരുപത്തഞ്ചുകാരിയായി വന്നു നടമാടിയാൽ അത്ഭുതം തോന്നുകയില്ലേ.

പണ്ഡിതർ ഇ. വി. രാമൻനമ്പൂതിരി.

## 1. ജീവിതരഹസ്യം. 2. ദൈവവിധി. 3. കവനഹാരാവലി.

........പുസ്തകം മൂന്നും കിട്ടി. ആനന്ദത്തോടെ ഞാനവ വായിക്കുയും ചെയ്തു. കവനഹാരാവലിയിലെ പല ഭാഗങ്ങളും, ദേവീപ്രാൎത്ഥനയും എനിക്കു വളരെ ഹൃദ്യമായി തോന്നി. എന്നാൽ "ജീവിതരഹസ്യം" അങ്ങയുടെ ജീവിതത്തെ ചിത്രീകരിക്കുന്ന പുസ്തകം— തരളഹൃദയത്തോടും ബാഷ്പദൃഷ്ടിയോടുംകൂടിയല്ലാതെ വായിക്കാൻ സാദ്ധ്യമല്ല. അങ്ങ് അനുഭവിക്കേണ്ടിവന്ന കഷ്ടങ്ങളെല്ലാം കൺമുമ്പിൽ കാണുന്നതുപോലെതന്നെ തോന്നി. ദൈവാനുകൂല്യത്താൽ അല്പമൊരു ശാന്തിയും സൗഖ്യവും കിട്ടിയതു വിവരിക്കുന്ന ഭാഗം വന്നപ്പോഴേയ്ക്കും ഞാനതു രോമാഞ്ചകഞ്ചുകിതനായിത്തന്നെ വായിച്ചു.

കെ. വി. ശൎമ്മ, M. A., B. Sc.

## ജീവിതരഹസ്യം, ദേവീപ്രാൎത്ഥന.

പുസ്തകങ്ങൾ രണ്ടും ഒന്നുരണ്ടാവൎത്തി വായിച്ചു. സരസകവികളായ കുഞ്ഞുക്കുട്ടൻ തമ്പുരാൻ, നടുവം, ഒടുവിൽ മുതലായവരുടെ മനോഹരകൃതികൾക്കു കേളീരംഗമായിരുന്ന കവനകൗമുദീകാലത്തേയ്ക്ക് ഒന്നു തിരിച്ചെത്തിയതുപോലെ ഉള്ള ഒരു അനുഭവമാണെനിക്കു

ണ്ടായത്. പുരോഗമനം, മിസ്റ്റിസിസം, എന്നൊക്കെ പറഞ്ഞെഴുതിക്കൂട്ടുന്ന ക്ഷുദ്രകവിതകളിൽ മനസ്സു മടുത്തിരിക്കുന്ന ഇക്കാലത്തു ഇത്തരം കവിതകളുടെ ആവിർഭാവം സ്വാഗതാർഹമാണെന്ന് എനിക്കു തോന്നുന്നു. ബകമദ്ധ്യത്തിൽ ഹംസത്തിൻെറ അവസ്ഥയായിരിക്കും തൊഴിലാളി സാഹിത്യകാരന്മാരിൽനിന്ന് ഇതിനു ലഭിക്കുന്നതു്. അതിനു സമാധാനം "കിമസ്യാനാമസ്യാ–ദരസപുരുഷാനാദരഭരൈഃ"എന്നു വിചാരിക്കാനേയുള്ളു. പിന്നെ പ്രസിദ്ധീകരണാർഹമാണോ എന്നു അവതാരികാകാരൻകൂടി സംശയിക്കുന്നു. ആത്മകഥകളിൽ ആർജ്ജവബുദ്ധിയോടുകൂടി വസ്തുതകൾ സരസമായി വിസ്തരിക്കയാണല്ലൊ ചെയ്യുന്നതു്......എന്തായാലും ഈ കൃതികളിൽ ആത്മാർത്ഥതയും, നിഷ്ക്കളങ്കതയും, ദേവീഭക്തിയും തെളിഞ്ഞുകാണുന്നുണ്ടു്.

റ്റി. വാസുദേവഭട്ടതിരി.
ചെനാസ്സ് ഇല്ലം.

## സ്തോത്രരത്നാവലി.

......ഈ രത്നാവലി ആസ്തികന്മാരെയും സഹൃദയന്മാരെയും രസിപ്പിക്കുമെന്നതിനു സംശയമില്ല. ശബ്ദാർത്ഥപുഷ്ടിയും ഭക്തിയും ഇതിൽ പരസ്പരം മത്സരിച്ചുകൊണ്ടു് പരിലസിക്കുന്നു. 81 മുതൽ ഉള്ള യമക പ്രയോഗം എന്നെ കണക്കില്ലാതെ രസിപ്പിച്ചു് 'ഭവസുതേ ...ഞാൻ', 'നിയതിനീ' 'നേകണം' ഇത്യാദി യമക പ്രയോഗങ്ങൾ സഹൃദയശിരഃകമ്പജനകങ്ങൾ തന്നെയാണ്. ഈമാതിരി ഹൃദ്യപദ്യങ്ങൾ കണ്ട കാലം മറന്നുപോയി. ഈമാതിരി കൃതികൾ എഴുതി പ്രസിദ്ധപ്പെടുത്തുന്നതിനു ഒന്നുകൊണ്ടും മടിക്കേണ്ടതില്ല. അച്ചു

അധികാരികൾ വായിച്ചു രസിച്ച് അഭിനന്ദിക്കും. കവിക്കും കൃതാൎത്ഥതയ്ക്കു് അതുമതി.

വടക്കുംകൂർ രാജരാജവൎമ്മ രാജാ.

...സ്തോത്രരത്നാവലി രണ്ടുമൂന്നാവൎത്തി വായിച്ചു. പിന്നെയും വായിക്കുന്തോറും എന്റെ മനസ്സിനെ ഹഠാൽ ആകർഷിക്കയാണു ചെയ്യുന്നതു്. അത്രമാത്രം ലളിതവും സുന്ദരവുമായിട്ടുണ്ടെന്നു നിസ്സംശയം പറയാം.

പൂഞ്ഞാററിൽ,

അവിട്ടംനാൾ രാമവൎമ്മ വലിയരാജാ.